**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1490** **30-08-2022 - ൽ മറുപടിയ്ക്ക്**

**കടുത്തുരുത്തി സിവിൽ സ്റ്റേഷനിൽ ഒഴിഞ്ഞ് കിടക്കുന്ന സ്ഥലം വാടകയ്ക്ക് നൽകുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കടുത്തുരുത്തി സിവിൽ സ്റ്റേഷനിൽ ഒഴിഞ്ഞ് കിടക്കുന്ന സ്ഥലം എം.എൽ.എ. ഓഫീസിന് വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ച് റവന്യൂ വകുപ്പ് നൽകിയ കുറിപ്പിന് കോട്ടയം കളക്ടർ റിപ്പോർട്ട് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | (എ) | പ്രസ്തുത വിഷയം സംബന്ധിച്ച കോട്ടയം ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ലാന്റ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് സമർപ്പിച്ചിരുന്നു. |
| (ബി) | അത് സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുന്നതിന് പഞ്ചായത്തിൽ നിന്നും അപേക്ഷ സമർപ്പിച്ച് ഒരു വർഷം കഴിഞ്ഞിട്ടും ഫയലിൽ തീരുമാനമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിഷയത്തിൽ ഉചിതമായ തീരുമാനം എടുക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | ഇത്തരം സംബന്ധിച്ച പഞ്ചായത്തിന്റെ അപേക്ഷ ലഭ്യമായിട്ടില്ല. |
| (സി) | പ്രസ്തുത സ്ഥലത്തിന് മറ്റ് സർക്കാർ സ്ഥാപനങ്ങളും മറ്റ് ഇതര സ്ഥാപനങ്ങളും നൽകുന്ന വാടക നൽകാമെന്നും സ്ഥലം എം.എൽ.എ. എന്ന നിലയിൽ എഗ്രിമെന്റ് വയ്ക്കാമെന്നും അപേക്ഷിച്ചിട്ടും സ്ഥലം അനുവദിക്കാൻ റവന്യൂ വകുപ്പ് തീരുമാനമെടുക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (സി) | പ്രസ്തുത മിനി സിവിൽ സ്റ്റേഷനിൽ എം.എൽ.എ ഓഫീസിന് സ്ഥലം അനുവദിക്കുന്ന വിഷയത്തിൽ കോട്ടയം ജില്ലാ കളക്ടറിൽ നിന്നും ലഭ്യമായ സ്പഷ്ടീകരണം പരിശോധിച്ചുവരുകയാണ്. നിയമാനുസൃതമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | പ്രസ്തുത വിഷയത്തിൽ തീരുമാനമെടുക്കാൻ കഴിയാത്തതിന്റെ പ്രധാന തടസ്സം എന്താണെന്ന് വ്യക്തമാക്കാമോ; ആയത് പരിഹരിക്കാൻ വകുപ്പ് എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നതെന്ന് അറിയിക്കാമോ? | (ഡി) | സി യുടെ മറുപടി |

സെക്ഷൻ ഓഫീസർ